ഒൻപതാമത് റിപ്പോർട്ടിലെ ശുപാർശകൾ

ഉദ്യോഗസ്ഥതല പരിഷ്കാരങ്ങൾ-(സ്റ്റേറ്റ് സിവിൽ സർവ്വീസ്, സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവ രൂപീകരിക്കൽ)

പത്താമത് റിപ്പോർട്ടിലെ ശുപാർശകൾ

പൊതുമരാമത്ത് പ്രവർത്തനത്തിന്റെ നവീകരണം

പതിനൊന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

സർക്കാരും പൊതുമേഖല സ്ഥാപനങ്ങളും തമ്മിലുള്ള അനുരഞ്ജനം

പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

ആരോഗ്യമേഖലയിലെ വികസനം

പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

അധികാര വികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപനവല്ക്കരണ ശുപാർശകൾ.

പതിനാലാമത് റിപ്പോർട്ടിലെ ശുപാർശകൾ

സെക്രട്ടേറിയറ്റ് പരിഷ്കരണം

പതിനഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ

സർക്കാർ നവീകരണം

ഇതിൽ 1, 2, 3, 4, 6, 7, 8, 10, 11, 12, 13 നമ്പറുകളായുള്ള റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകൾ നടപ്പിലാക്കുന്നുണ്ടോയെന്ന് അവലോകനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ വകുപ്പ് സെക്രട്ടറിമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ഭരണപരിഷ്കാര കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 4 റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചു വരുന്നു.

സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

39 (47) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കുന്ന കാര്യത്തിൽ ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശകളെന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് ശുപാർശകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ജനസേവകാര്യത്തിൽ സർക്കാർ ഉദ്യോഗസ്ഥർ കാണിക്കുന്ന അലംഭാവത്തെയും കാലതാമസത്തെയും മോശംപെരുമാറ്റത്തെയും കുറിച്ചൊക്കെ സർവ്വീസ് സംഘടനാ മുൻഭാരവാഹികൾ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥപ്രമുഖർ, യൂണിയൻ നേതാക്കൾ എന്നിവരൊക്കെ പ്രതികരിക്കുകയും പരിഷ്ക്കരണ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്യുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ ; അവ പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഓഫീസുകളിലെ കാലതാമസം പരിശോധിക്കാൻ മോണിറ്ററിംഗ് സമിതികളോ സമാന സംവിധാനങ്ങളോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഹാജർ പരിശോധനയ്ക്ക് പോലീസിനെ ചുമതലപ്പെടുത്തണമെന്ന എൻ.ജി.ഒ. യൂണിയൻ മുൻ പ്രസിഡന്റിന്റെ നിർദ്ദേശം പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരെ കുറിച്ചും ഓഫീസികളെക്കുറിച്ചും വ്യപക വിമർശനങ്ങളും ചർച്ചകളും ഉയർന്നു വരാനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അന്വേഷിച്ച് വിവരം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ഓഫീസിലെ/ജോലിസ്ഥലത്തെ ഹാജർ നിരീക്ഷിക്കണമെന്നും പൊതുജനങ്ങളോടുള്ള പെരുമാറ്റത്തിൽ മാറ്റമുണ്ടാകണമെന്നും അതിനുതകുന്ന പരിശീലനം നൽകണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. സന്ദർശകരോട് മാന്യമായി പെരുമാറുന്നതിനും ആവശ്യപ്പെടുന്ന വിവരങ്ങൾ നിയമാനുസൃതം അവർക്ക് നൽകുന്നതിനും സിവിൽ സർവ്വീസിനെ സജ്ജമാക്കുവാനും സന്ദർശക സഹായ കേന്ദ്രം ഇല്ലാത്ത ഓഫീസുകളിൽ അവ ഉണ്ടാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ജീവനക്കാർക്ക് സമഗ്രമായ പ്രാരംഭ പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത എടുത്തുപറഞ്ഞിട്ടുണ്ട്. ഡെലിഗേഷൻ ഓഫ് പവേഴ്സ് വർദ്ധിപ്പിക്കുന്നതിന് ശുപാർശയുണ്ട്. സർവ്വീസിലെ ഗുണമേന്മ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും ചട്ടങ്ങൾ നവീകരിക്കുന്നതിനും നടപടി ഉണ്ടാകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പരിശോധനകളും സ്റ്റാഫ് മീറ്റിംഗുകളും കാലാകാലങ്ങളിൽ വിളിച്ചുകൂട്ടുന്നതിനും പ്രൊഫഷണലിസവും ജനകേന്ദ്രീകരണഭരണവും കൊണ്ടുവരുന്നതിനും നിർദ്ദേശമുണ്ട്.

(ബി) കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) നിലവിൽ സംവിധാനങ്ങൾ ഉണ്ട്.

(ഇ) ഇത്തരമൊരുനിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) വ്യാപക വിമർശനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly